(ഇ&എഫ്) ഉണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, അഡ്വാൻസ് തുടങ്ങിയ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നല്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റിവോൾവിംഗ് ഫണ്ടിൽ നിന്നും ഈ ആനുകൂല്യങ്ങൾ നല്കി വരുന്നു.

(ജി) ഇ.എസ്.ഐ. ഡിസ്പെൻസറി അഞ്ചലിൽ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ അൾട്രാ സൗണ്ട്സ് സ്കാനിംഗ് മെഷീൻ സ്ഥാപിച്ചു. പാരിപ്പള്ളി, ആശ്രാമം, ഒളരിക്കര, ഫെറോക്ക് എന്നീ ഇ.എസ്.ഐ. ആശുപത്രികളിൽ അൾട്രാ സൗണ്ട്സ് സ്കാനിംഗ് മെഷീൻ സ്ഥാപിക്കാനുള്ള സപ്ലൈ ഓർഡറുകൾ നല്കിക്കഴിഞ്ഞു. ഉദ്യോഗമണ്ഡലിൽ ഉള്ള ആശുപത്രിയിലെ എക്സ്റേ മെഷീൻ പുതുതായി സ്ഥാപിച്ചു. എറണാകുളത്തുള്ള ഇ.എസ്.ഐ. ആശുപത്രിയിൽ പഴയ എക്സ്റേ മെഷീൻ മാറ്റി പുതിയ ഒരെണ്ണം സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നല്കി. രണ്ടോ അതിൽ കൂടുതലോ മെഡിക്കൽ ഓഫീസർമാരുള്ള ഡിസ്പെൻസറികളുടെ പ്രവർത്തനസമയം 8 മണി മുതൽ 6 മണിവരെയാക്കി. ഇതുമൂലം ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്ക് പകൽ മുഴുവൻ ചികിത്സാസൗകര്യം ലഭ്യമാകുന്നതാണ്. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുവേണ്ടി എറണാകുളത്തുള്ള മാതാ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ 27-12-1999 മുതൽ സൗകര്യം ഏർപ്പെടുത്തി. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ള കൂടുതൽ പ്രൈവറ്റ് ആശുപത്രികളിൽ ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ ചികിത്സയ്ക്കുവേണ്ടി എംപാനൽ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ പരിയാരം റവന്യൂ വില്ലേജിലും കാസർഗോഡ് ജില്ലയിലെ പുത്തൂർ കോയിപ്പാടി, എടനാട് എന്നീ റവന്യൂ വില്ലേജുകളിലും ഇ.എസ്.ഐ. സ്കീം ബാധകമാക്കി.

ചെറുകിട ജലസേചന പദ്ധതികൾ

13 (*191) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ചെറുകിട ജലസേചന രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിരുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണ് ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലത്ത് കൂടുതലായി ജലസേചന സൗകര്യം നല്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) ചെറുകിടജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി 14 ജില്ലകളിലും മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ചെറുകിടജലസേചന പദ്ധതികൾ ഇപ്പോഴും നിലനില്ക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലനിൽക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) മുൻ സർക്കാരിന്റെ കാലത്ത് ചെറുകിട ജലസേചനരംഗത്ത്-ജലധാരാപദ്ധതി, ജലവാഹിനി പദ്ധതി, ചെക്ക് ഡാം പദ്ധതി, മലയോര ജലസംഭരണ പദ്ധതി, കേരള സാമൂഹ്യ ജലസേചന പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്-ന്റെ അനുമതിയോടെ യൂറോപ്യൻ യൂണിയന്റെ സഹായത്താൽ കേരള മൈനർ ഇറിഗേഷൻ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. 2 മുതൽ 6 വരെ 202 സ്കീമുകൾ നടപ്പിലാക്കി വരുന്നു. കൂടാതെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഏകദേശം 15 കോടി രൂപയുടെ പദ്ധതികൾ പഞ്ചായത്തുകൾ വഴി നടത്തുന്ന പദ്ധതിയും തുടങ്ങിയിട്ടുണ്ട്.

(സി) 47891 ഹെക്ടർ സ്ഥലത്ത്.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

സഹകരണ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി

14 (*192) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാർക്ക് ഏർപ്പെടുത്തിക്കഴിഞ്ഞ സ്വാശ്രയപെൻഷൻ പദ്ധതി സഹകരണമേഖലയിലെ എല്ലാ ജീവനക്കാർക്കും ബാധകമാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സഹകരണമേഖലയിലെ എല്ലാ ജീവനക്കാർക്കും പെൻഷൻ പദ്ധതി ബാധകമാക്കുന്നതിനെ സംബന്ധിച്ച പെൻഷൻ ബോർഡ് എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വെച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തിക്കഴിഞ്ഞ സാഹചര്യത്തിൽ സഹകരണമേഖലയിലെ എല്ലാ ജീവനക്കാരെയും പെൻഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly